സാഹചര്യങ്ങളിൽ വിപണി ഇടപെടൽ നടത്തുകയും ചെയ്തിട്ടുണ്ട്. ഇക്കഴിഞ്ഞ ഓണ സീസണിൽ 30 ശതമാനം സബ്സിഡി വ്യവസ്ഥയിലും ക്രിസ്തുമസ് സീസണിൽ 20 ശതമാനം സബ്സിഡി വ്യവസ്ഥയിലും പച്ചക്കറികൾ വിതരണം നടത്തുകയുണ്ടായി. ഇത് വഴി പൊതുവിപണിയിലെ വിലക്കയറ്റം തടയുന്നതിന് ഹോർട്ടികോർപ്പിന് സാധിച്ചിട്ടുണ്ട്.

(ബി) ഇതിനായി ഹോർട്ടിക്കൾച്ചർ കോർപ്പറേഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

(സി) ഹോർട്ടികോർപ്പ് പൊതുവിതരണത്തിനായി 12,06,74,747.09 (പന്ത്രണ്ട് കോടി ആറ് ലക്ഷത്തി എഴുപത്തിനാലായിരത്തി എഴുന്നൂറ്റി നാൽപ്പത്തി ഏഴ് രൂപ ഒൻപത് പൈസ)യുടെ പച്ചക്കറി 2011 ജനുവരി വരെ സംഭരിച്ചിട്ടുണ്ട്.

(ഡി) പച്ചക്കറി വിതരണം കാര്യക്ഷമമാക്കുന്നതിന് വേണ്ടി 'ഹരിത വിപണനം' പദ്ധതിയിലൂടെ 'ആയിരം പച്ചക്കറി ഗ്രാമങ്ങളിൽ' നിന്നും കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഗുണമേൻമയേറിയ പച്ചക്കറികൾ കർഷകർക്ക് ന്യായമായ വില നൽകി ഹോർട്ടികോർപ്പ് സംഭരിച്ച് മിതമായ നിരക്കിൽ ഹരിത സ്റ്റാളുകൾ, സൂപ്പർമാർക്കറ്റുകൾ എന്നിവ വഴി വിൽപ്പന നടത്തി വരുന്നു. കർഷകർ, കർഷക ഗ്രൂപ്പുകൾ, വി.എഫ്.പി.സി.കെ. സംഘമൈത്രി എന്നിവിടങ്ങളിൽ നിന്നും പച്ചക്കറികൾ സംഭരിച്ച് ഹരിത സ്റ്റാളുകളിലൂടെ വിപണനം നടത്തി വരുന്നു. കാർഷിക മൊത്തവിപണന കേന്ദ്രങ്ങളായ നെടുമങ്ങാട്, മരട്, ബാലരാമപുരം, വേങ്ങേരി എന്നീ വിപണന കേന്ദ്രങ്ങളിലൂടെ കർഷകർ കൊണ്ടുവരുന്ന ഉൽപ്പന്നങ്ങളും ലേലത്തിലൂടെ സംഭരിച്ചുവരുന്നു.

(ഇ) 'ഹരിത വിപണനം' പദ്ധതി നടപ്പിലാക്കുന്നതിനായി 5 കോടി രൂപയും കാർഷിക മൊത്ത വ്യാപാര വിപണന കേന്ദ്രങ്ങളിൽ ആഴ്ചയിൽ സ്ഥിരമായി നടത്തുന്ന പൊതു ലേലങ്ങളിൽ പങ്കെടുക്കുന്നതിനായി 50 ലക്ഷം രൂപയും റിവോൾവിംഗ് ഫണ്ടായി നൽകിയിട്ടുണ്ട്. ഇതിൽ 13 ലക്ഷം രൂപ പച്ചക്കറി സംഭരിക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.

പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത

175(2431) ശ്രീ. തെറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യ സംക്ഷേപത്തിനായി ഇതുവരെ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കി എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇത്തരം പദ്ധതിയിലൂടെ കഴിഞ്ഞ വർഷം എത്ര ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ കഴിഞ്ഞുവോ ;

(ഡി) ഈ വർഷം ഈ പദ്ധതിക്കായി എന്തൊക്കെ പുതിയ പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ 2008-09, 2009-10 വർഷങ്ങളിൽ 1000 ഗ്രാമങ്ങളിൽ ജൈവ പച്ചക്കറി കൃഷി പദ്ധതി നടപ്പിലാക്കി. 2009-10 വർഷത്തിൽ ഭക്ഷ്യസുരക്ഷ പദ്ധതിയുടെ ഭാഗമായി നെൽപ്പാടങ്ങളിൽ മൂന്നാം വിളയായും പച്ചക്കറി കൃഷി നടപ്പിലാക്കി. കൂടാതെ വി.എഫ്.പി.സി.കെ. മുഖാന്തരം വിത്തു മുതൽ വിപണനം വരെയുള്ള കാർഷികവൃത്തിയുടെ എല്ലാ ഘട്ടങ്ങളിലും എല്ലാ ജില്ലകളിലുമുള്ള കർഷകർക്ക് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്.

(ബി) കൃഷി വകുപ്പു മുഖേന നടപ്പാക്കിയ വിവിധ പദ്ധതികൾ പ്രകാരം 45,000 ടൺ പച്ചക്കറികളും വി.എഫ്.പി.സി.കെ. മുഖേന നടപ്പാക്കിയ പദ്ധതികളിലൂടെ 18,750 ടൺ പച്ചക്കറികളും കഴിഞ്ഞ വർഷം അധികമായി ഉല്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നു.

(സി) കൃഷി വകുപ്പിന്റെ പദ്ധതികൾ പ്രകാരം 40,000 ടൺ പച്ചക്കറികളും വി.എഫ്.പി.സി.കെ മുഖേന നടപ്പാക്കിയ പദ്ധതികൾ പ്രകാരം 19,500 ടൺ പച്ചക്കറികളും കഴിഞ്ഞ വർഷം അധികമായി ഉൽപാദിപ്പിക്കാൻ കഴിഞ്ഞു.

(ഡി) ഈ വർഷം, വെജിറ്റബിൾ മിഷൻ രൂപീകരിക്കുകയും സമഗ്ര പച്ചക്കറി വികസന പദ്ധതി, ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായ പച്ചക്കറി വികസന പദ്ധതി, RKVY പദ്ധതിയുടെ ഭാഗമായ പച്ചക്കറി വികസന പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. 1500 ഹെ. സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി, സ്കൂളുകളിൽ പച്ചക്കറിത്തോട്ടം സംഘടിപ്പിക്കുക, ജലസേചന സൗകര്യം ഏർപ്പെടുത്തുക, പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കുക എന്നീ ഘടകങ്ങളാണ് സമഗ്ര പച്ചക്കറി കൃഷി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി നടത്തിവരുന്ന പച്ചക്കറി കൃഷി പദ്ധതിയിൽ, വനിതാ ഗ്രൂപ്പുകൾ സംഘടിപ്പിച്ച് 750 ഹെ. സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി 500 ഹെക്ടർ സ്ഥലത്ത് ഇടവിളയായി പച്ചക്കറികൃഷി 5 കോർപ്പറേഷനുകളിലായി വീട്ടു വളപ്പിൽ കൃഷി ചെയ്യുന്നതിന് 50,000 പച്ചക്കറി വിത്തു കിറ്റുകൾ പച്ചക്കറികളുടെ വിപണനത്തിനായി പ്രാദേശിക വിപണന ശാലകൾ തുടങ്ങുക എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി മുഖേന 2,000 ഹെ. സ്ഥലത്ത് കർഷക ഗ്രൂപ്പുകൾ രൂപീകരിച്ചും പച്ചക്കറി കൃഷി നടപ്പിലാക്കി വരുന്നു. ഇതിനെല്ലാം പുറമെ, സംസ്ഥാനത്തൊട്ടാകെ പത്തുരൂപ നിരക്കിൽ 1,00,000 പച്ചക്കറി വിത്തുകിറ്റുകൾ വീട്ടു വളപ്പിലെ കൃഷിക്കായും വിതരണം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly